വർണ്ണയാമി മഹാപുണ്യം സർവപാപഹരം നൃണാം
യദോർവംശം നര: ശ്രുത്വാ സർവപാപൈ: പ്രമുച്യതേ (9-23-19)
യത്രാവതീർണ്ണോ ഭഗവാൻ പരമാത്മാ നരാകൃതി:
യദോ: സഹസ്രജിത് ക്രോഷ്ടാ നളോ രിപുരിതി ശ്രുതാ: (9-23-20)

*ശുകമുനി തുടർന്നു:*
യയാതിയുടെ മറ്റൊരു പുത്രനായിരുന്നു അനു. ഈ കുലത്തിലാണ് ബലി പിറന്നത്. അദ്ദേഹത്തിന് കുട്ടികളുണ്ടായിരുന്നില്ല. എന്നാൽ അദ്ദേഹത്തിൻെറ ഭാര്യക്ക് ധീരഘടമൻ എന്ന മുനി മുഖേന ആറുപുത്രൻമാർ ജനിച്ചു. അംഗൻ വംഗൻ കലിംഗൻ സുഹ്മൻ പുന്ധ്രൻ അന്ധ്രൻ എന്നിവർ. അവരെല്ലാം സ്വന്തം രാജ്യങ്ങൾ സ്ഥാപിക്കുകയും ചെയ്തു. അംഗൻെറ കുടുംബത്തിലാണ് ലോമപാദൻെറ ജനനം. അദ്ദേഹത്തിന് കുട്ടികളുണ്ടായിരുന്നില്ല. ദശരഥമഹാരാജാവ് അദ്ദേഹത്തിനൊരു മകളെ വളർത്താൻ കൊടുത്തു. ശാന്ത. ഋഷ്യശൃംഗമുനി അവളെ വിവാഹം ചെയ്തു. ഒരിക്കൽ രാജ്യത്ത് വരൾച്ച ഉണ്ടായപ്പോൾ മുനിയെ രാജ്യത്തു കൊണ്ടുവരികയാണുണ്ടായത്. മുനി നടത്തിയ ഒരു യാഗത്തിൻെറ ഫലമായാണ് വരൾച്ച അവസാനിച്ചത്. പിന്നീട് നടത്തിയ ഒരു യാഗത്തിൻെറ ഫലമായി ലോമപാദനും കുട്ടികളുണ്ടായി. ദശരഥമഹാരാജാവിനു വേണ്ടിയും ഋഷ്യശൃംഗൻ ഇപ്രകാരമൊരു യാഗം നടത്തിയിരുന്നു. അങ്ങിനെയാണല്ലൊ ദശരഥന് ദിവ്യപുത്രൻമാരായ രാമനും സഹോദരൻമാരും ഉണ്ടായത്.

ഇനി ഞാൻ യദുവംശത്തിൻെറ കഥ പറയാം. ഇതു കേൾക്കുന്നതു കൊണ്ടു പോലും ഒരുവൻ സർവ്വ പാപങ്ങളിൽ നിന്നും രക്ഷനേടുന്നു. കാരണം ഭഗവാൻ സ്വയം ഈ വംശത്തിലവതരിച്ച് മനുഷ്യനായി കഴിഞ്ഞുവല്ലോ. സഹസ്രജിത് ക്രോഷ്ടൻ നലൻ രിപു തുടങ്ങിയവർ യദുപുത്രൻമാരായിരുന്നു. യയാതിയുടെ മറ്റൊരു പുത്രനാണല്ലോ യദു. ഈ വംശത്തിലാണ് കൃതവീര്യപുത്രനായ കാർത്തവീര്യാർജുനൻെറ ജനനം. അദ്ദേഹത്തിന് ദത്താത്രേയനിൽ നിന്നും ആത്മജ്ഞാനം സിദ്ധിച്ചു. ദത്താത്രേയൻ ഭഗവാൻെറ അംശാവതാരം തന്നെ. അർജുനന് പലേ മന്ത്രശക്തികളും ഉണ്ടായിരുന്നു. മറ്റൊരുരാജാവും മഹിമയിലും പ്രൗഢിയിലും അർജുനനോടൊപ്പം നിലനിൽക്കുമായിരുന്നില്ല. എൺപത്തിഅയ്യായിരം വർഷം അദ്ദേഹം രാജ്യം ഭരിച്ചു. മധു ഈ അർജുനൻെറ പിൻതലമുറക്കാരനാണ്. വൃഷ്ണി മധുവിൻെറ പുത്രനും. യാദവകുലം യദു മധു വൃഷ്ണി എന്നിവരിലൂടെയാണ് നിലവിൽ വന്നത്. യദുകുലത്തിലെ മറ്റൊരു വിഖ്യാതനാമം ശശബിന്ദുവിൻേറതാണ്. അദ്ദേഹം മഹാനായ ഒരു യോഗിയും അത്യുന്നത ഗുണങ്ങളുടെ വിളനിലവുമായിരുന്നു.

പിന്നീട് ജ്യാമഘൻ ഈ കുലത്തിൽ പിറന്നു. അദ്ദേഹത്തിൻെറ ഭാര്യ ശൈബ്യക്ക് കുട്ടികളുണ്ടായിരുന്നില്ല. എന്നാൽ ഭാര്യയെ പേടിച്ചിരുന്ന ജ്യാമഘൻ മറ്റൊരു വിവാഹം കഴിച്ചതുമില്ല. അദ്ദേഹം ഒരിക്കൽ ഭോജരാജ്യത്തെ കീഴടക്കി സമ്മാനമായി ഭോജരാജകുമാരിയെ കൊട്ടാരത്തിലേക്കു കൊണ്ടുവന്നു. രാജരഥത്തിൽ മറ്റൊരു സ്ത്രീയെ കണ്ട് ശൈബ്യ കോപിഷ്ഠയായി. എന്നാൽ രാജാവ് രാജ്ഞിയെ സമാധാനപ്പെടുത്താൻ ഇങ്ങിനെ പറഞ്ഞു. ഇവൾ നിൻെറ സ്നുഷയാണ്. രാജാവ് പേടിച്ചു വിറച്ചുകൊണ്ടാണിതു പറഞ്ഞത്. അതുകൊണ്ട് ദേവതകളും പിതൃക്കളും രാജാവിൽ ദയ തോന്നി ശൈബ്യക്ക് ഒരു പുത്രനെ നൽകി. കാലക്രമത്തിൽ ഇപ്പുത്രൻ ഭോജരാജകുമാരിയെ പാണിഗ്രഹണം ചെയ്തു. വിദർഭനെന്നാണീ രാജാവിൻെറ നാമം.